(ബി) യോഗ്യത (qualification) കൊണ്ട് മിസ്റ്റർ ശങ്കരനേക്കാൾ താഴ്ന്ന നിലയിലുള്ള എത്ര കൺസ്റ്റേബിൾമാരെ പകരമായിട്ടൊ സ്ഥിരമായിട്ടൊ ഹേഡ് കൺസ്റ്റേബിൾ പദത്തിലേക്ക് ഉയർത്തപ്പെട്ടിട്ടുണ്ട്?

മിസ്റ്റർ ഷേക്ക് അബ്ദുൽ ഖാദർ സാഹിബ് ബഹദൂർ.—(എ) രണ്ട്.

(ബി) ആകെയും കൊടുത്തിട്ടില്ല.

(സി) ഏഴ് (മൂന്നുസ്ഥിരക്കാരും, നാലു പകരക്കാരും).

(ഡി) (എ) നാലുസംവത്സരമായി.

(ബി) ആരേയും ഇല്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—മിസ്റ്റർ ശങ്കരൻ ര് കൊല്ലമായി വെറും കാൺസ്റ്റേബിളാണല്ലൊ? കയറാൻ കൊടുക്കാത്തകാരണം എന്താണെന്ന് അറിയിക്കാമൊ?

മിസ്റ്റർ ഷേക്ക് അബ്ദുൽഖാദർ സാഹിബ് ബഹദൂർ.—ശങ്കരന്റെ കാര്യത്തിൽ പ്രത്യേകം ദൃഷ്ടിപതിക്കുന്നതാണ്.

President.—You will have an eye on this Sankaran.

Mr. Sheik Abdul Qadir Sahib Bahadur.—Yes, I will have.

267. മിസ്റ്റർ കെ. പി. കറുപ്പൻ.—(എ) ഈ സംസ്ഥാനത്തിൽ അധികൃതർക്ക് സർക്കാർ സർവ്വീസിൽ അവരുടെ സമുദായസംഖ്യ അനുസരിച്ച് പ്രവേശനം ലഭിക്കപ്പെടുന്നില്ലെന്ന് ഒരു ആക്ഷേപമുള്ളതായി പോലീസ്സ് കമ്മിഷണർക്കറിയാമൊ;

(ബി) ഉണ്ടെങ്കിൽ രായസവേലയിലും സമർത്ഥനെന്ന് മേലധികാരികളാൽ സമ്മതിക്കപ്പെട്ടിരിക്കുന്ന യുവാവും ഇംഗ്ലീഷും മലയാളവും ഒരുപോലെ തടവുകൂടാതെ സംസാരിക്കുവാനും എഴുതുവാനും കഴിയുന്നവനും ദൃഢഗാത്രനും ആയ വാലൻ മിസർ ടി. എ. ശങ്കരനെ വെറും ഒരു പോലീസ്സുകാരന്റെ പദത്തിൽതന്നെ ഇട്ടുവാട്ടുന്നതിന്റെ രഹസ്യം എന്താണെന്ന് സദയം പറയുമൊ?

മിസ്റ്റർ. ഷേക്ക് അബ്ദുൽഖാദർ സാഹിബ് ബഹദൂർ.—(എ) അറിയാം.

(ബി) തക്കതായ അവസരം വരുമ്പോൾ അയാൾക്ക് പ്രമോഷനുള്ള അവകാശത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

Pulayas in the Police Department.

268. മിസ്റ്റർ. കെ. പി. കറുപ്പൻ.—പുലയരുടെ ഇടയിൽ നിന്നും ആരെങ്കിലും പോലീസ്സിൽ ചേരുവാൻ അപേക്ഷ അയച്ചിട്ടുണ്ടൊ?

മിസ്റ്റർ ഷേക്ക് അബ്ദുൽ ഖാദർ സാഹിബ് ബഹദൂർ.—ഇല്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—പുലയരിൽ ദൃഢഗാത്രന്മാരായ വളരെ ചെറുപ്പക്കാരുണ്ട്. അവരെ പോലീസ്സ് വകുപ്പിൽ നിയമിച്ചുകൂടെ?

പ്രസിഡെണ്ട്.—അവരിൽ വല്ലവരേയും ഉത്സാഹിപ്പിച്ച് അപേക്ഷ അയപ്പിക്കരുതെ? തക്കതായ ആളുകൾ ഉണ്ടായിരുന്നാൽ കമ്മിഷ്ണർ അവർക്ക് ഉദ്യോഗം കൊടുക്കും. അല്ലെങ്കിൽ എന്തുകൊണ്ട് ക

LIBRARY ARCHIVES Kerala Legislative Assembly